Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി കണക്ഷൻ

246 (1976) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾ തടഞ്ഞുകൊണ്ട് ഹൈക്കോടതിയുടെ സ്റ്റേയോ, ഉത്തരവോ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റോപ്പ് മെമ്മോയോ നിലനിൽക്കുന്ന കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി കണക്ഷൻ നല്കാൻ കഴിയില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ?

കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകേണ്ടത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ റെഗുലേഷൻ 39 പ്രകാരം ഒരു മേഖലയ്ക്കോ കോളനിയിലേയ്ക്കോ കെട്ടിടത്തിലേയ്ക്കോ വൈദ്യുതി നൽകുന്നതിന് ഏതെങ്കിലും കോടതിയോ ഗവൺമെന്റോ പ്രാപ്തനായ അധികാരിയോ ഉത്തരവിറക്കി നിയന്ത്രിക്കുകയോ അല്ലെങ്കിൽ നിരോധിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ലൈസൻസി അവിടെ വൈദ്യുതി നൽകേണ്ടതില്ല. ഇതുകൂടാതെ കൽപ്പിക്കാനധികാരമുള്ള ഒരു അധികാരി വൈദ്യുതിബന്ധം വിച്ഛേദിക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൽ നൽകിയ വൈദ്യുതി കണക്ഷനുകളും മറ്റു കാരണങ്ങളില്ലെങ്കിലും വിച്ഛേദിക്കാൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 138 (i) (f) വ്യവസ്ഥ ചെയ്യുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ന്റെ 39, 138 (i) (f) റെഗുലേഷനുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വൈദ്യുതീകരിക്കാത്ത വീടുകളിലെ ഓൺലൈൻ പഠനം

247 (1977) ശ്രീ . മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.